## ഇഖാമത്തുദ്ദീന്റെ ഭൂമിക

എഫ്.ആർ ഫരീദി




ഇന്ത്യനവസ്ഥകളും സമകാലിക സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് ഇസ്‌ലാമിക പ്രസ്ഥാനത്തെക്കുറിച്ച് ചർച്ചചെയ്യുന്ന പുസ്തകം. ആദർശലക്ഷ്യങ്ങൾ, പ്രവർത്തന രീതി, മുൻഗണനാക്രമം, ജനാധിപത്യത്തോടുള്ള സമീപനം, ഇന്ത്യൻ മുസ്‌ലിംകളുടെ അവസ്ഥ, ഇസ്‌ലാമിക പ്രസ്ഥാനവും സ്ത്രീ സമൂഹവും, സാമ്പത്തിക തകർച്ചയിൽനിന്നുള്ള മോചനം തുടങ്ങിയ വിഷയങ്ങൾ തന്മയത്വത്തോടെ കൈകാര്യം ചെയ്യുന്ന ഗ്രന്ഥകാരൻ എഫ്.ആർ ഫരീദി ഉൾക്കാഴ്ചയോടെ വിഷയത്തെ സമീപിച്ചിട്ടുണ്ട്. ഉർദുവിൽനിന്ന് ലളിതവും ആകർഷകവുമായ വിവർത്തനം നിർവഹിച്ചിരിക്കുന്നത് അശ്‌റഫ് കീഴുപറമ്പ്. പേജ് 70, വില 30. ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്-12

## ആത്മഹത്യ ഭൗതികത ഇസ്‌ലാം

ശൈഖ് മുഹമ്മദ് കാരകുന്ന്




ആത്മഹത്യയുടെ കാരണങ്ങൾ വിലയിരുത്തി പരിഹാരം നിർദേശിക്കുന്ന ലഘുകൃതി. എന്തുകൊണ്ട് ആത്മഹത്യ, കടക്കെണിയിൽ കുടുങ്ങുന്നവർ, മാധ്യമങ്ങളുടെ പങ്ക്, ആത്മഹത്യക്ക് അറുതിവരുത്തുന്ന വിശ്വാസദർശനം, പരിഹാരമില്ലാത്ത പാപം തുടങ്ങിയ പതിനൊന്ന് ലേഖനങ്ങൾ. ലളിതമായ ഭാഷയും ശൈലിയും. പേജ് 61, വില 27. ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്-12

## മതവും രാഷ്ട്രീയവും ഇന്ത്യയിൽ

ജി.എം ബനാത്ത്‌വാല




മതവും രാഷ്ട്രീയവും തമ്മിലുള്ള അടുപ്പവും അകൽച്ചയും ഇന്ത്യയിൽ എക്കാലത്തും സജീവ ചർച്ചാവിഷയമാണ്. മതത്തിലെ രാഷ്ട്രീയ സ്വാധീനവും രാഷ്ട്രീയത്തിലെ മതത്തിന്റെ ഇടപെടലുകളും ചരിത്രത്തിലെയും വർത്തമാനകാലത്തെയും അനുഭവങ്ങൾ മുൻനിർത്തി വിശകലനം ചെയ്യുകയാണ് ജി.എം ബനാത്ത്‌വാല. മത രാഷ്ട്രീയ ബന്ധത്തിലെ അഭിപ്രായാന്തരങ്ങൾ, മത രാഷ്ട്രീയ പാരമ്പര്യങ്ങൾ, ഭരണഘടനാപരവും നിയമപരവുമായ രൂപഘടന, മത രാഷ്ട്രീയ പാരസ്പര്യത്തിലെ സമകാലിക മാതൃകകൾ, ചില സമകാലിക വിഷയങ്ങൾ, അവലോകനം എന്നിങ്ങനെ ആറ് അധ്യായങ്ങൾ. യോജിപ്പിന്റെയും വിയോജിപ്പിന്റെയും മേഖലകൾ തുറന്നിടുന്ന ഗ്രന്ഥകാരൻ ഗഹനമായാണ് വിഷയത്തെ സമീപിച്ചിട്ടുള്ളത്. ഓരോ അധ്യായത്തിന്റെയും അവസാനത്തിൽ നൽകിയിട്ടുള്ള റഫറൻസ് അധികവായന ആഗ്രഹിക്കുന്നവർക്കും ഗവേഷകർക്കും പ്രയോജനകരമാണ്. Religion and Politics in India എന്ന ഇംഗ്ലീഷ് കൃതിയുടെ വിവർത്തനം നിർവഹിച്ചിരിക്കുന്നത് അഹ്മദ് മൂന്നാംകൈ. പേജ് 230, വില 120. വചനം ബുക്സ്, നൂർ കോംപ്ലക്സ്, മാവൂർ റോഡ്, കോഴിക്കോട്.

### വിവരാവകാശനിയമം

അഡ്വ. ഡി.ബി ബിനു




'വിവരാവകാശനിയമം' പൗരന്മാരുടെ അറിയാനുള്ള അവകാശം ഉറപ്പുവരുത്തുക മാത്രമല്ല; അഴിമതിനിർമാർജനം, ഗവ. പദ്ധതികളുടെ നടത്തിപ്പിലെ സുതാര്യത, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം അവസാനിപ്പിക്കുക തുടങ്ങി നിരവധി പ്രധാന വിഷയങ്ങളിൽ ജനങ്ങളുടെ ഇടപെടലുകൾക്ക് അവസരമൊരുക്കുന്നതാണ്. അതുകൊണ്ട് വിവരാവകാശ നിയമത്തെക്കുറിച്ച് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. അതിന് ഏറെ സഹായകമായ കൃതിയാണ് അഡ്വ. ഡി.ബി ബിനു രചിച്ച 'വിവരാവകാശ നിയമം'. നാൽപതിലധികം അധ്യായങ്ങളിലായി വിഷയം സവിസ്തരം കൈകാര്യം ചെയ്തിട്ടുണ്ട് ഗ്രന്ഥകാരൻ. അഞ്ചു ശതമാനം മാത്രം സാക്ഷരതയുള്ള രാജസ്ഥാനിലെ സ്ത്രീകൾ വിവരാവകാശത്തിനായി നടത്തിയ സമരങ്ങൾ വിശദീകരിച്ചുകൊണ്ട് ആരംഭിക്കുന്ന കൃതി ഈ വിഷയകമായി ഒരു ഉത്തമ വഴികാട്ടിയാണ്. അവതാരിക വി.ആർ കൃഷ്ണയ്യർ. പേജ് 272, വില 150. നിയമസമീക്ഷ, പ്രോവിഡൻസ് റോഡ്, കൊച്ചി-18.

## പൊരുൾ

അബ്ദുൽ അസീസ് പുതിയങ്ങാടി

ഇസ്‌ലാമിന്റെ വിവിധ വശങ്ങളെക്കുറിച്ച നബിവചനങ്ങൾ ഭംഗിയായും ഭദ്രമായും അടുക്കിവെച്ച ലഘുകൃതിയാണ് 'പൊരുൾ'. ദൈവപ്രീതി, ദൈവഭയം, കാരുണ്യം, ഖുർആൻ, വിജ്ഞാനം, പ്രബോധനം, പ്രാർഥനയും പശ്ചാത്താപവും, ധർമസമരം, സംഘടിത ജീവിതം, സാമൂഹിക സേവനം, ദൈവാനുഗ്രഹങ്ങൾ, തൊഴിലും തൊഴിലാളിയും തുടങ്ങി 41 തലക്കെട്ടുകളിലായി ജീവിതത്തിന്റെ വിവിധ മേഖലകളെ സ്പർശിക്കുന്ന ഹദീസുകളുടെ സമാഹാരം. തുടക്കത്തിൽ നബി(സ)യെക്കുറിച്ച് പ്രമുഖ വ്യക്തികളുടെ നിരീക്ഷണങ്ങൾ ചേർത്തിരിക്കുന്നു. ഒടുവിൽ 'വിട' എന്ന പേരിൽ പ്രവാചകന്റെ 'വിടവാങ്ങൽ ഹജ്ജി'ലെ പ്രഭാഷണം വായിക്കാം. ഹദീസുകളുടെ ആധികാരിക ഉറപ്പുവരുത്തുന്ന 'സൂചിക' ഉണ്ടെങ്കിലും തയാറാക്കിയതിലെ അശാസ്ത്രീയത കാരണം വായനക്കാരന് പെട്ടെന്ന് കണ്ടെത്താൻ പ്രയാസമാണ്. പേജ് 64, വില 24, വികാസ് ബുക് സെന്റർ, തളിപ്പറമ്പ്.

### നല്ലതു മാത്രം

പി.വി.എസ് പടിക്കൽ




നന്മയുടെ പൂക്കൾ വിരിയിക്കുന്ന, കുട്ടികൾക്കായുള്ള 36 ചെറിയ കവിതകളുടെ സമാഹാരമാണ് *നല്ലതു മാത്രം*. ധാർമിക ബോധമുള്ള ഒരു തലമുറയെ വളർത്തിയെടുക്കാൻ പര്യാപ്തമായ വരികൾ. കൊച്ചു കൊച്ചു വരികളിൽ വലിയ ആശയങ്ങൾ നിറച്ചുവെച്ചിരിക്കുന്നു. പേജ് 36, വില 20, ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്.